പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2475 — 18.07.2011-ൽ മറുപടിയ്ക്ക്

## പി.എം.ജി.എസ്.വൈ.-യുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ബി. അബ്ദുൾ റസാക് : | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. | പി.എം.ജി.എസ്.വൈ. പ്രകാരം 2010-11 വർഷത്തിൽ പുനരുദ്ധാരണം നടത്താൻ ശുപാർശ ചെയ്ത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ ; | എ. | പി.എം.ജി.എസ്.വൈ. പ്രകാരം 2010-11 സാമ്പത്തിക വർഷം സമർപ്പിക്കാനുള്ള എട്ടാമത്തെ ഫേസ് പദ്ധതി പരിശോധനയിലാണ്. എന്നാൽ 2008-09 സാമ്പത്തിക വർഷം 7-ാം ഫേസിൽ സമർപ്പിച്ച 1155 കി.മി. ദൈർഘ്യം വരുന്ന 420 റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ഇതിൽ 533 കി.മി. ദൈർഘ്യം വരുന്ന പ്രവർത്തികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തു എങ്കിലും 524.436 കി.മി. ദൈർഘ്യം വരുന്ന 221.18 കോടി രൂപയ്ക്കുള്ള 162 പ്രവർത്തികളുടെ കരാറാണ് ഉറപ്പിച്ചിട്ടുള്ളത്. ശേഷിക്കുന്ന 265.56 കോടി രൂപയുടെ 630.557 കി.മി. ദൈർഘ്യം വരുന്ന 258 റോഡുകളുടെ നിർമ്മാണത്തിനുള്ള തുടർ അനുമതിയ്ക്കായി 10-07-2009-ന് കേന്ദ്രസർക്കാരിന് സമർപ്പിച്ചതിൽ സെപ്റ്റംബർ 2010-ൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി കേന്ദ്രസർക്കാരിന്റെ പുനർ അനുമതിയ്ക്കായി 14-02-2011-ന് സമർപ്പിച്ചിട്ടുണ്ട്. |
| ബി. | പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ ; | ബി. | കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പണി ആരംഭിക്കുന്നതാണ്. |
| സി. | പ്രസ്തുത പദ്ധതി പ്രകാരം 2011-12 വർഷത്തിൽ ശുപാർശ ചെയ്ത പ്രവൃത്തികളുടെ വിശദാംശം വെളിപ്പെടുത്താമോ ? | സി. | 2011-12 സാമ്പത്തിക വർഷം ഏറ്റെടുക്കേണ്ട പ്രവർത്തികളുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കുന്നതിന് ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.